Unstarred Questions and Answers

ആറന്മുള പകുതിയുടെ അധികാരാതൃത്തി

൧൬൮. (൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആറൻമുള പകുതിയുടെ പടിഞ്ഞാറെ അതൃത്തിയിൽനിന്നു ചെങ്ങന്നൂർ ഒന്നാം ക്ലാസ് മജിസ്ട്രേട്ടുകോടതിയിലേക്ക് എന്തു ദൂരമുണ്ടെന്നു പറയാമോ ;

(ബി) ആറൻമുള പകുതി ഏതു ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതിയുടെ അധികാരാതിർത്തിയിലാണെന്നു ദയവായി പറയുമോ ;

(സി) ഇപ്രകാരം ചെയ്യുന്നതിനുള്ള കാരണം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉദ്ദേശം രണ്ടു മൈൽ.

(ബി) സ്റ്റേഷനറി ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടുകോടതി, പത്തനംതിട്ട.

(സി) ചെങ്ങന്നൂർ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയിലെ ഫയൽ കൂടുതലായതുകൊണ്ടും മറ്റും.

അധികാരാതൃത്തിമാറ്റം

൧൬൯. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) പന്തളം വടക്കേക്കര പകുതിയുടെ പടിഞ്ഞാറെ അതൃത്തിയിൽനിന്നു ചെങ്ങന്നൂർ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയിലേക്കോ പത്തനംതിട്ട ടെമ്പററി സ്റ്റേഷനറി ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട കോടതിയിലേക്കോ എന്തു ദൂരമുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ ;

(ബി) പന്തളം വടക്കേക്കര പകുതിയിലും ആറന്മുള പകുതിയിലുമുള്ള കക്ഷികൾക്ക് ചെങ്ങന്നൂർ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയിൽ കേസുകൾ നടത്തുന്നതാണ് സൌകര്യവും എളുപ്പവും എന്നും ഗവണ്മെണ്ടിനറിയാമോ ;

(സി) കക്ഷികളുടെ സൌകര്യത്തേയും കാര്യനടത്തിപ്പിനേയും മറ്റും ആസ്പദമാക്കി പന്തളം വടക്കേക്കര ആറന്മുള മുതലായപകുതികളുടെ ക്രിമിനൽ അധികാരാതൃത്തി ഉടനെ ചെങ്ങന്നൂർ ഒന്നാം ക്ലാസ്സിലേക്ക് മാറ്റുന്നതിനേപ്പറ്റി ഗവണ്മെണ്ടു ഗാഢമായി ആലോചിക്കുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ചെങ്ങന്നൂർ കോട്ടിലേക്ക് ൭½ മൈലും, പത്തനംതിട്ട കോട്ടിലേക്ക് ൧൦ മൈലും ഉണ്ട്.

(ബി) അറിയാം. കക്ഷികൾക്ക് അതു സൌകര്യപ്രദമാണെന്ന് കണ്ടാൽ ഈ രണ്ടു പകുതികളുടേയും അധികാരാതൃത്തി ചെങ്ങന്നൂരേയ്ക്ക് മാറ്റുന്നതിനു ഗവണ്മെണ്ടു് ആലോചിക്കാം.

B. C. G. VACCINATION

176. [4] **Sri. A. K. George:** Will the Hon'ble Minister for Finance and Revenue be pleased to State:

(*a*) How many persons were given B. C. G. Vaccines during last year,

(*b*) what is the target figure fixed by Government for this ?

Sri. A. J. John :

(*a*) 24,283 in 1949 ;

(*b*) No target figure has been fixed by Government.

ആദായനികുതി

൧൭൦. (൭) ശ്രീ. കൃഷ്ണൻ അയ്യപ്പൻ. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ ൧൯൫൯, ൧൯൬൪, ൧൯൬൫ ഈ വർഷങ്ങളിൽ ഉള്ള ആദായനികുതിയുടെ മൊത്തസംഖ്യ എത്ര?

LIBRARY ARCHIVES Kerala Legislative Assembly